നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

160 [3686] *ശ്രീ. വി. ചെന്താമരാക്ഷൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പുതിയതായി ആരംഭിച്ചു;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടി എന്നു വ്യക്തമാക്കുമോ;

(ഡി) നീതി മെഡിക്കൽ സ്റ്റോറുകളിലെ വില്പനയ്ക്ക് ആവശ്യമായ തോതിൽ മരുന്നു സ്റ്റോക്കു ലഭ്യമാക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ഇ) നീതി മെഡിക്കൽ സ്റ്റോറുകൾ അടച്ചു പൂട്ടേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാ നീതി മെഡിക്കൽ സ്റ്റോറുകൾക്കും ആവശ്യമായ തോതിൽ സ്റ്റോക്ക് നൽകി അവയെ നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 47

(ബി) 145

(സി) 9

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ തോതിൽ സ്റ്റോക്ക് ലഭ്യമാക്കുന്നതിനായി മരുന്നുവിതരണ കമ്പനികളുമായി ചർച്ച നടത്തിവരുന്നു.

(ഇ) വിലയിരുത്തിയിട്ടുണ്ട്. ആവശ്യമായ അളവിൽ മരുന്ന് കമ്പനികളിൽ നിന്ന് ലഭിക്കാതിരുന്നതിനാലും കാലാവധി കഴിഞ്ഞ മരുന്നുകൾ യഥാസമയം കമ്പനികൾ തിരിച്ചെടുക്കാതിരുന്നതിനാലുമാണ് ഏതാനും നീതി മെഡിക്കൽ സ്റ്റോറുകൾ അടച്ചു പൂട്ടേണ്ട സാഹചര്യം സംജാതമായത്.

(എഫ്) എല്ലാ നീതി മെഡിക്കൽ സ്റ്റോറുകൾക്കും ആവശ്യമായ തോതിൽ മരുന്ന് ലഭ്യമാക്കുന്നതിനായി മരുന്ന് കമ്പനികളുമായി ആരോഗ്യവകുപ്പ് മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മേൽനോട്ടത്തിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ആയത് ഫലപ്രദമാകുന്ന മുറയ്ക്ക് ആവശ്യമായ തോതിൽ മരുന്ന് ലഭ്യമാക്കി നീതി മെഡിക്കൽ സ്റ്റോറുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയും.

സഹകരണ ബാങ്കുകളിലെ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരിച്ചു നൽകാൻ നടപടി

161 [3687] *ശ്രീ. എൻ. ഡി. അപ്പച്ചൻ*:
„ *ജോർജ് ജെ. മാത്യു*:
„ *ടി. യു. രാധാകൃഷ്ണൻ*:
„ *ലൂഡി ലൂയിസ്* :
„ *സി. പി. മുഹമ്മദ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥാപനത്തിൽ നിന്നും വ്യക്തികളിൽനിന്നും റബ്കോ പണം ഡിപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്; എത്ര രൂപ വീതം എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര തുക ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്;

(സി) ഡിപ്പോസിറ്റ് കാലാവധി കഴിഞ്ഞിട്ടും ഡിപ്പോസിറ്റ് തിരിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ; കാലാവധി കഴിഞ്ഞിട്ടും ഡിപ്പോസിറ്റ് തുക മടക്കി നൽകാത്തപക്ഷം എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഡിപ്പോസിറ്റ് തിരിച്ചു നൽകാൻ ഇനിയെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റബ്കോ സഹകരണ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് പണം ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുള്ളത്. കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 31-10-2004 വരെ ആകെ 98,51,00,578 രൂപ ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്.

(സി) & (ഡി) കാലാവധി കഴിഞ്ഞിട്ടും ഡിപ്പോസിറ്റ് തുക തിരിച്ചു നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിപ്പോസിറ്റ് തുക മടക്കി നൽകുന്നതിനുള്ള നിർദ്ദേശം റബ്കോയ്ക്ക് നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly